# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ : **174**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളി കൈക്കാരും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ പ്രിയരെ,

131-ാമത് മാരാമൺ കൺവൻഷൻ 2026 ഫെബ്രുവരി 8-ാം തീയതി മുതൽ 15-ാം തീയതി വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ഈ വർഷത്തെ കൺവൻഷനിൽ പ്രൊഫ. ഡോ. ക്ലിയോഫസ് ജെ. ലാറു (യു.എസ്.എ), റവ. മൊളോ വിൽസൺ മെസവാൻഡിലേ (സൗത്താഫ്രിക്ക), ബിഷപ്പ് പോൾ സ്വരൂപ് (ന്യൂഡൽഹി) എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. കൂടാതെ നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും വിവിധ സഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കുകയും നേതൃത്വം നൽകുകയും ചെയ്യും.

തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30ന് ബൈബിൾ ക്ലാസുകൾ പന്തലിൽ നടക്കും. അതേസമയം കുട്ടികൾക്കുള്ള യോഗം സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിൽ കുട്ടിപ്പന്തലിൽ നടത്തുന്നതാണ്. എല്ലാ ദിവസവും പൊതുയോഗം രാവിലെ 9.30 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 12 മണിക്ക് പര്യവസാനിക്കും. തിങ്കൾ, ചൊവ്വ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് 2.30 ന് കുടുംബവേദി യോഗങ്ങളും ബുധനാഴ്ച രാവിലെ 9.30 ന് എക്യുമെനിക്കൽ സമ്മേളനവും അന്ന് 2.30 ന് സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണ യോഗവും, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ 2.30 ന് മറ്റ് പൊതുയോഗങ്ങളും 4 ന് യുവവേദി യോഗങ്ങളും പന്തലിൽവച്ച് നടത്തുന്നതാണ്. സായാഹനയോഗങ്ങൾ വൈകിട്ട് 6 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 7.30 ന് സമാപിക്കും. ബുധൻ മുതൽ ശനി വരെ വൈകിട്ട് 7:30 മുതൽ 9 വരെ ഭാഷാ അടിസ്ഥാനത്തിൽ മിഷൻ ഫീൽഡ് കൂട്ടായ്മ ഹിന്ദി & ഒഡിയാ, തെലുങ്ക്, തമിഴ്, കന്നഡ എന്നീ ക്രമത്തിൽ പ്രത്യേക യോഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. പൂർണ്ണസമയം സുവിശേഷവേലയ്ക്കു സമർപ്പിക്കുന്ന 12 വയസിന് താഴെയുള്ള കുട്ടികളുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 13-ാം തീയതി വെള്ളിയാഴ്ചയും 12 വയസിന് മുകളിൽ പ്രായമുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷ ഫെബ്രുവരി 14-ാം തീയതി ശനിയാഴ്ചയും രാവിലെ 7.30 ന് കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തും.

മാരാമൺ കൺവൻഷനിലെ അച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത ഏവരേയും ഭരിക്കണം. അമിതമായി ആഭരണങ്ങൾ അണിയുന്നതിനുള്ള പ്രവണത ഉപേക്ഷിക്കണം. യോഗങ്ങളുടെ ഇടവേളകൾ പ്രാർത്ഥനയ്ക്കും ആത്മീയ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും ആളാംപ്രതി സുവിശേഷവേലയ്ക്കുമായി പ്രയോജനപ്പെടുത്തേണ്ടതാണ്. മണൽപ്പുറത്തും പരിസരപ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങൾ വർജ്ജിക്കുന്ന ശ്രേഷ്ഠപാരമ്പര്യം നിലനിർത്തുവാൻ ശ്രദ്ധിക്കണം. കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. ഫ്ളെക്സുകൾ, പരസ്യബോർഡുകൾ എന്നിവ കൺവൻഷൻ മണൽപ്പുറത്ത് പ്രദർശിപ്പിക്കാതിരിക്കുന്നതിൽ എല്ലാവരും ജാഗ്രത പുലർത്തണം.

ഫെബ്രുവരി 8 ന് നടക്കുന്ന ഉദ്ഘാടന യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും ആണ് സ്തോത്രകാഴ്ച സ്വീകരിക്കുന്നത്. പന്തലിൽ ക്രമീകരിച്ചിരിക്കുന്ന പെട്ടികളിൽ സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. വിദേശ ഇടവകകളും കേരളത്തിന് പുറത്തുള്ള ഇടവകകളും കൺവൻഷൻ ആവശ്യത്തിനുവേണ്ടി കൺവൻഷൻ നടക്കുന്ന ഒരു ഞായറാഴ്ച പ്രത്യേക സ്തോത്രകാഴ്ചയായി ശേഖരിച്ച് സുവിശേഷസംഘം ഓഫീസിലേക്ക് അയച്ചു നൽകുന്നത് അഭികാമ്യമായിരിക്കും. പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ ആ സമയംതന്നെ ഓൺലൈനായി സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

ഈ വർഷത്തെ മാരാമൺ കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും ഉണർവ്വും പുതുജീവനും ലഭിപ്പാൻ ഏവരും നിരന്തരമായി പ്രാർത്ഥിക്കണം. അതിനായുള്ള ഒരുക്കപ്രാർത്ഥനകൾ ക്രമീകരിക്കുന്നതിനും അതിൽ പങ്കെടുക്കുന്നതിനും എല്ലാവരും ഉത്സാഹിക്കണം. സമർപ്പണത്തോടും പ്രാർത്ഥനയോടുംകൂടി ഈ വർഷത്തെ കൺവൻഷനിൽ നമുക്ക് പങ്കെടുക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

എന്ന് ക്രിസ്താബ്ദം 2026 ജനുവരി 9-ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN
# DR. THEODOSIUS MAR THOMA

**Circular No. 174**

*Blessings to all the Vicars, resident Clergy, Trustees, and Members of all our Parishes in the Church*

Dearly Beloved in Christ,

Arrangements are underway for the 131" Maramon Convention, scheduled to take place from 8th February to 15th February 2026. The main speakers for this year's convention will be Prof. Dr. Cleophus J. La Rue (USA), Rev. Molo Wilson Mzwandile (South Africa) General Secretary, South African Council of Churches, and Bishop Paul Swarup (New Delhi). In addition, our esteemed Bishops and leaders from other churches will share the Word of God in various sessions.

Joint Bible Classes for men and women will be held in the convention pandal at 7:30 a.m. from Monday to Saturday. The children's meeting will take place at Kutti pandal from 7:30 a.m. to 8:30 a.m., under the leadership of CSSM. Each morning, the public meeting will commence at 9:30 a.m. with singing session and will conclude at 12:00 p.m. Kudumbavedi meetings will be held on Monday and Tuesday at 2:30 p.m. On Wednesday, an Ecumenical Meeting will be held at 9:30 a.m. followed by a de-addiction meeting at 2:30 p.m. Public meetings will be conducted on Thursday, Friday, and Saturday at 2:30 pm and Yuvavedi meetings at 4:00 pm. Evening Meetings will be conducted from Monday to Saturday, beginning at 6:00 p.m. with singing session and concluding at 7:30 p.m. From 7:30 pm to 9:00 p.m. on all days from Wednesday to Saturday, language - based mission field fellowships will be organized in the following languages respectively: Hindi & Odia, Telugu, Tamil and Kannada. The dedication service for children below 12 years, who are committed to full-time ministry, will be held on Friday, 13th February, and the dedication service for those above 12 years will take place on Saturday, 14th February at 7.30 a.m., at St Thomas Mar Thoma Church, Kozhencherry.

All are requested to uphold the discipline and sanctity of the Maramon Convention. Everyone should be guided by the thought that the pandal and its surroundings are sacred. The tendency to wear excessive jewelry should be abandoned. The intervals between meetings should be utilized for prayer, sharing spiritual experiences and individual evangelism. The long-standing tradition of abstaining from intoxicating substances and tobacco within and around the convention area must be continued. All are encouraged to contribute to a clean and eco-friendly environment, following the eco-code of conduct. The display of flex boards and bill boards within the convention grounds is not permitted.

Offertories will be received during the inaugural meeting on 8th February and during the moming sessions on Friday, Saturday and Sunday. Offerings of thanks can be submitted in the boxes arranged in the pandal. Overseas parishes and parishes outside Kerala are encouraged to conduct a special offertory collection on a Sunday during the convention and send it to the Mar Thoma Evangelistic Association office. The facility has also been arranged to offer an offering of thanks online at that time through the payment gateway system.

Let us continually pray for a spiritual awakening in the Church, Society, and the Nation through this year's Maramon Convention. All are encouraged to organize and participate in the preparatory prayer sessions leading up to the event. Let us take part in this year's convention with devotion and prayerful hearts.

May God's Grace be with you all

Dated 09th January 2026, from Poolatheen, Thiruvalla

DR. THEODOSIUS MAR THOMA METROPOLITAN • MALANKARA MAR THOMA SYRIAN CHURCH

**Dr. Theodosius Mar Thoma Metropolitan**